**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 250** — **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധ വാക്സിനേഷൻ സാർവ്വത്രികമാക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. ഇത് വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 07/06/2021 വരെ കേന്ദ്രം 95,33,830 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ